ഹദീസ്

# വേണ്ടാത്തവർക്ക് അത് ദാനം ചെയ്യാം

അബ്ദുല്ലത്വീഫ് കൊടുവള്ളി

عَنِ السَّائِبِ بْنِ يَزِيدَ، أن عَبْدَ اللَّهِ بْنَ السَّعْدِيِّ أَخْبَرَهُ أَنَّهُ، قَدِمَ عَلَى عُمَرَ بْنِ الْخَطَّابِ فِي خِلاَفَتِهِ فَقَالَ لَهُ عُمَرُ : أَلَمْ أُحَدَّثْ أَنَّكَ تَلِي مِنْ أَعْمَالِ النَّاسِ أَعْمَالاً فَإِذَا أُعْطِيتَ الْعُمَالَةَ كرهتَهَا ؟ قَالَ: فَقُلْتُ بَلَى . فَقَالَ عُمَرُ رضى الله عنه: فَمَا تُرِيدُ إِلَى ذَلِكَ ؟ قَالَ: قُلْتُ إن لِي أَفْرَاسًا وَأَعْبُدًا وَأَنَا بِخَيْرٍ وَأُرِيدُ أَنْ تَكُونَ عُمَالَتِي صَدَقَةً عَلَى الْمُسْلِمِينَ . فَقَالَ عُمَرُ: فَلاَ تَفْعَلْ فَإِنِّي قَد كُنْتُ أَرَدْتُ الَّذِي أَرَدْتَ فَكَانَ النّبي صلى الله عليه وسلم يُعْطِينِي الْعَطَاءَ فَأَقُولُ : أَعْطِهِ أَفْقَرَ إِلَيْهِ مِنِّي حتى أَعْطَانِي مَرّةً مالًا فَقُلْتُ : أَعْطِهِ اَفْقَرَ اِلَيْهِ مِنّي. قال : فَقَالَ لَه النَّبي صَلى الله عَلَيْه وَسَلم "خُذْهُ فَتَمَوَّلْهُ وَتَصَدَّقْ بِهِ فَمَا جَاءَكَ مِنْ هَذَا الْمَالِ وَأَنْتَ غَيْرُ مُشْرِفٍ وَلاَ سَائِلٍ فَخُذْهُ ، وَإِلَّا فَلاَ تُتْبِعْهُ نَفْسَكَ" - (مسند الإمام أحمد ص : 173 ج ا بإسناد صحيح)

**സാഇബുബ്നു യസീദിൽനിന്ന് നിവേദനം: താൻ ഒരിക്കൽ ഉമറി(റ)നെ അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്ത് ചെന്നു കണ്ടതായി അബ്ദുല്ലാഹിബ്നുസ്സഅ്ദി എന്നോടു പറഞ്ഞു. അപ്പോൾ ഉമർ(റ) അബ്ദുല്ലയോട് പറഞ്ഞു: 'നിങ്ങൾ ജനങ്ങളുമായി ബന്ധപ്പെട്ട ചില ജോലികൾ ഏറ്റെടുക്കുന്നതായും അതിനു വേതനം തരുമ്പോൾ അത് വാങ്ങാൻ താങ്കൾ കൂട്ടാക്കുന്നില്ലെന്നും എന്നോട് ആരോ പറയുകയുണ്ടായല്ലോ?' അബ്ദുല്ല: 'ശരിയാണ്' ഉമർ: 'നിരസിക്കുന്നതിലൂടെ താങ്കൾ എന്താണ് ഉദ്ദേശിക്കുന്നത്?' അബ്ദുല്ല: 'എനിക്ക് കുതിരകളും അടിമകളും ഉണ്ട്. ഞാൻ ഇപ്പോൾ നല്ല അവസ്ഥയിലാണ്. എന്റെ വേതനം മുസ്‌ലിംകൾക്ക് സ്വദഖയാവട്ടെ എന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്.' ഉമർ: 'അങ്ങനെ ചെയ്യരുത്. നിങ്ങൾ ഉദ്ദേശിച്ചതുതന്നെ ഞാനും ഉദ്ദേശിച്ചിരുന്നു. നബി (സ) എനിക്ക് ചിലതെല്ലാം തരാറുണ്ടായിരുന്നു. അപ്പോൾ നബിയോടായി ഞാൻ ഇങ്ങനെ പറയും: 'എന്നേക്കാൾ ആവശ്യമുള്ളവർക്കു കൊടുത്താലും!' അങ്ങനെയിരക്കെ ഒരിക്കൽ നബി(സ) എനിക്ക് ചിലതെല്ലാം തന്നു. ഞാൻ പറഞ്ഞു: 'അത് എന്നേക്കാൾ ആവശ്യമുള്ളവർക്കു നൽകിയാലും.' അപ്പോൾ നബി(സ) പറഞ്ഞു: നിങ്ങൾ അത് സ്വീകരിക്കുക, അത് സ്വത്തായി ഉപയോഗിക്കുക, അത് ദാനമായി നൽകിക്കൊള്ളുക. ഈ ഇനം സ്വത്തിൽനിന്ന് സ്വന്തം നിലയിൽ താൽപര്യമെടുക്കാതെയും ചോദിക്കാതെയും നിങ്ങൾക്ക് കൈവരുന്നത് സ്വീകരിച്ചുകൊള്ളുക. ഇതല്ലാത്തവയുടെ നേരെ നിങ്ങൾ നിങ്ങളുടെ മനസ്സിനെ കൊണ്ടുപോകരുത്" (സമാനമായ പദങ്ങളോടെ ബുഖാരി, കിതാബുസ്സകാത്തി(1473)ലും മുസ്‌ലിം കിതാബുസ്സകാത്ത് (1045)ലും ഈ ഹദീസിന്റെ അവസാനഭാഗം ഉദ്ധരിച്ചിട്ടുണ്ട്).**

കച്ചവടം, കൃഷി, തൊഴിലുകൾ മുതലായവ പോലെ ജീവിതായോധനത്തിന് ചിലർക്ക് ആശ്രയമാവുന്ന മാർഗമാണ് പൊതു ഉത്തരവാദിത്തങ്ങൾ നിർവഹിക്കുമ്പോൾ നൽകപ്പെടുന്ന വേതനവും ആനുകൂല്യങ്ങളും. ഈ ഇനത്തിൽ തനിക്കു ലഭിക്കാവുന്ന വേതനം, അഥവാ ആനുകൂല്യം വേണ്ടെന്നു വെക്കാമെങ്കിലും അത് ഏറ്റുവാങ്ങി തന്നേക്കാൾ അർഹരായവർക്ക് അത് കൈമാറുകയാണ് വേണ്ടത്.

വേതനം വേണ്ടെന്നുവെച്ച അബ്ദുല്ലാഹിബ്നു സഅ്ദിയോട്, നബി(സ)യോടൊപ്പം തനിക്കുണ്ടായ സമാനമായ അനുഭവം ഉമർ(റ) പങ്കുവെക്കുന്നതാണ് ഹദീസിന്റെ പശ്ചാത്തലം. ജോലി ചെയ്യുന്നവർ വേതനം വേണ്ടെന്നു വെക്കേണ്ടതില്ല. ഉത്തരവാദിത്തമേറ്റെടുത്തവർ സാമ്പത്തിക സുസ്ഥിതി ഉള്ളവരാണെങ്കിലും വേതനം പറ്റണം. തനിക്കാവശ്യമില്ലെങ്കിൽ സമൂഹത്തിലെ പാവങ്ങൾക്കായി വിതരണം ചെയ്യണം. ഇതാണ് ഇസ്‌ലാം പഠിപ്പിക്കുന്ന രീതി.

ആർക്കാണെങ്കിലും ജീവിക്കാൻ വരുമാനം വേണം. സമൂഹത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ പ്രവർത്തിക്കുന്നവരെ സമൂഹം ഉചിതമായ വേതനമോ ആനുകൂല്യമോ നൽകി സംരക്ഷിക്കണം. എങ്കിൽ മാത്രമേ സമൂഹജീവിതം ഭംഗിയായി മുന്നോട്ടു പോവുകയുള്ളൂ. സുസ്ഥിതിയുള്ള പൊതുപ്രവർത്തകർ വേതനം വേണ്ടെന്നു വെച്ചാൽ, വേതനം നൽകുക എന്ന സാമൂഹിക ഉത്തരവാദിത്തത്തിൽനിന്ന് സമൂഹം ഒഴിഞ്ഞുമാറുന്ന അവസ്ഥയുണ്ടാവും. വേതനം കൈപറ്റാതെ പ്രവർത്തിക്കാനുള്ള സാമ്പത്തികസ്ഥിതി എല്ലാ പൊതുപ്രവർത്തകർക്കും ഉണ്ടായിക്കൊള്ളണമെന്നില്ല. എല്ലാവരും തങ്ങളുടേതായ പങ്ക് നിർവഹിക്കുക, എല്ലാവർക്കും അവരുടെ ന്യായമായ ആവശ്യങ്ങൾ സാധ്യമാകുംവിധം ലഭ്യമാക്കുക എന്നതാണ് ഇസ്‌ലാമിന്റെ രീതി. നബി(സ) ഉമറിനെയും ഉമർ(റ), അബ്ദുല്ലാഹിബ്നു സഅ്ദിയെയും ഇക്കാര്യം ഉപദേശിച്ചതിൽനിന്ന് ഇത് ഒരു പൊതു തത്ത്വമായാണ് നാം മനസ്സിലാക്കേണ്ടത്. ആരാധനാപരവും ആത്മീയവുമായ നബിചര്യകൾ ജീവിതത്തിൽ പകർത്താൻ മത്സരിച്ചിരുന്ന സ്വഹാബികൾ, അതേ മനസ്സ് സ്വന്തം കാര്യത്തിലും മറ്റുള്ളവരുടെ കാര്യത്തിലും സൂക്ഷിച്ചിരുന്നതായും ഹദീസിൽ പാഠമുണ്ട്.

നബി(സ) സ്വഹാബികളെ വളർത്തിയതും അവർ വളർന്നതും ഭൗതികവിരക്തരായും ധനമോഹികളല്ലാതെയുമാണ്. പിതാവിനോടുള്ള നബി(സ)യുടെ നിർദേശം മാനിച്ച് അബ്ദുല്ലാഹിബ്നു ഉമർ(റ), ആളുകളോട് ഒന്നും ചോദിച്ചു വാങ്ങുകയോ, തനിക്ക് കിട്ടിയത് തന്നവർക്ക് തിരിച്ചുനൽകുകയോ ചെയ്തിരുന്നില്ലെന്ന് മകൻ സാലിം അനുസ്മരിക്കുന്നു. ചെയ്യുന്ന ജോലിക്ക് അല്ലാഹുവിൽനിന്ന് പ്രതിഫലം ഉണ്ടാകുമെന്നതോടൊപ്പം ശമ്പളവും ആനുകൂല്യങ്ങളും കൂലിയായി കാണാതെ, അല്ലാഹുവിൽനിന്ന് ലഭിച്ച വിഭവമായാണ് പൊതുപ്രവർത്തകർ പരിഗണിക്കേണ്ടതെന്നാണ് ഈ ഹദീസ് വിശദീകരിച്ചുകൊണ്ട് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. പൊതുപ്രവർത്തനത്തെ കേവല ധനാഗമന മാർഗമായി കാണരുതെന്ന പാഠവും ഇതിലുണ്ട്. ●